**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2081** **21-06-2024 - ൽ മറുപടിയ്ക്ക്**

**ബോംബ് നിർമ്മാണവും ആക്രമണങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിൻെറ കാലയളവിൽ സംസ്ഥാനത്ത് അനധികൃതമായി ബോംബ് നിർമ്മാണം നടത്തിയിരുന്ന വ്യക്തികൾക്കും കൂട്ടായ്മകൾക്കും എതിരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് 21.05.2021 മുതൽ 31.05.2024 വരെ സംസ്ഥാനത്ത് അനധികൃതമായി ബോംബ് നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 6 കേസുകൾ രജിസ്റ്റർ ചെയ്യുകയും 23 പ്രതികളെ അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ ബോംബ് നിർമാണത്തിനിടയിൽ ആളുകൾ കൊല്ലപ്പെട്ട സംഭവങ്ങൾ അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടിയെടുത്തതിന്റെ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഇത്തരത്തിൽ ഒരു സംഭവം 05.04.2024 -ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിൽ അന്വേഷണം നടത്തി എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്ത് നിയമനടപടിക്ക് വിധേയമാക്കിയിട്ടുണ്ട്. |
| (സി) | അനധികൃതമായി ബോംബ് നിർമ്മിക്കുന്നതും സ്ഫോടക വസ്തുക്കൾ ശേഖരിക്കുന്നതും കണ്ടെത്തി നടപടിയെടുത്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | 21.05.2021 മുതൽ 31.05.2024 വരെയുള്ള കാലയളവിൽ ബോംബ് നിർമ്മാണവുമായി ബന്ധപ്പെട്ട് 6 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പോലീസ് നടത്തിയ വ്യാപക പരിശോധനയെ തുടർന്ന് സ്ഫോടക വസ്തുക്കളുടെ ശേഖരണവുമായി ബന്ധപ്പെട്ട് 254 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 94 കേസുകൾ അന്വേഷണാവസ്ഥയിലാണ്. കോടതി വിചാരണയിൽ തീർപ്പായ 30 കേസുകളിലെ 54 പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. ബോംബാക്രമണവുമായി ബന്ധപ്പെട്ട 74 കേസുകളിൽ 19 കേസുകൾ അന്വേഷണാവസ്ഥയിലാണ്. 15 കേസുകൾ ബഹു. കോടതികളിൽ വിചാരണയിലാണ്. ബാക്കിയുള്ളവ UD ആയി തീർപ്പായിട്ടുള്ളതാണ്. |
| (ഡി) | ബോംബാക്രമണവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം എത്രയാണ് എന്ന വിവരം ലഭ്യമാക്കാമോ; | (ഡി) | 21.05.2021 മുതൽ 31.05.2024 വരെയുള്ള കാലയളവിൽ ബോംബ് നിർമ്മാണവുമായി ബന്ധപ്പെട്ട് 6 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പോലീസ് നടത്തിയ വ്യാപക പരിശോധനയെ തുടർന്ന് സ്ഫോടക വസ്തുക്കളുടെ ശേഖരണവുമായി ബന്ധപ്പെട്ട് 254 |

| | | | |
|---|---|---|---|
| | | | കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 94 കേസുകൾ അന്വേഷണാവസ്ഥയിലാണ്. കോടതി വിചാരണയിൽ തീർപ്പായ 30 കേസുകളിലെ 54 പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. ബോംബാക്രമണവുമായി ബന്ധപ്പെട്ട 74 കേസുകളിൽ 19 കേസുകൾ അന്വേഷണാവസ്ഥയിലാണ്. 15 കേസുകൾ ബഹു. കോടതികളിൽ വിചാരണയിലാണ്. ബാക്കിയുള്ളവ UD ആയി തീർപ്പായിട്ടുള്ളതാണ്. |
| (ഇ) | ബോംബ് നിർമ്മാണം, സ്ഫോടക വസ്തുക്കളുടെ ശേഖരണം, ബോംബ് ആക്രമണം എന്നിവയുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ; | (ഇ) | 21.05.2021 മുതൽ 31.05.2024 വരെയുള്ള കാലയളവിൽ ബോംബ് നിർമ്മാണവുമായി ബന്ധപ്പെട്ട് 6 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പോലീസ് നടത്തിയ വ്യാപക പരിശോധനയെ തുടർന്ന് സ്ഫോടക വസ്തുക്കളുടെ ശേഖരണവുമായി ബന്ധപ്പെട്ട് 254 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 94 കേസുകൾ അന്വേഷണാവസ്ഥയിലാണ്. കോടതി വിചാരണയിൽ തീർപ്പായ 30 കേസുകളിലെ 54 പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. ബോംബാക്രമണവുമായി ബന്ധപ്പെട്ട 74 കേസുകളിൽ 19 കേസുകൾ അന്വേഷണാവസ്ഥയിലാണ്. 15 കേസുകൾ ബഹു. കോടതികളിൽ വിചാരണയിലാണ്. ബാക്കിയുള്ളവ UD ആയി തീർപ്പായിട്ടുള്ളതാണ്. |
| (എഫ്) | ബോംബ് നിർമ്മാണം, സ്ഫോടകവസ്തുക്കളുടെ ശേഖരണം എന്നിവ തടയുന്നതിന് സ്വീകരിക്കുന്ന മുൻകരുതലുകളും മറ്റ് നടപടികളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എഫ്) | സംസ്ഥാനത്ത് എല്ലാജില്ലകളിലും BDDS ന്റെ സഹായത്തോടെ പ്രധാന സ്ഥലങ്ങളിൽ റെയ്ഡുകൾ നടത്തുകയും എക്സ്പ്ലോസീവ് ലൈസൻസുകളും Arms ലൈസൻസുകളും, Ware House കളും, പാറമടകളും കൃത്യമായ ഇടവേളകളിൽ പരിശോധനക്ക് വിധേയമാക്കുകയും കൂടാതെ സ്റ്റേഷൻ പരിധികളിൽ പട്രോളിംഗ് ശക്തമാക്കിയിട്ടുള്ളതും സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ചും ബോംബ് സ്ക്വാഡിന്റെയും, ഡോഗ് സ്ക്വാഡിന്റെയും സഹായത്തോടെ പരിശോധനകൾ നടത്തിയും അനധികൃത ബോംബ് നിർമ്മാണം, സ്ഫോടക വസ്തുക്കളുടെ ശേഖരണം എന്നിവ തടയുന്നതിനാവശ്യമായ ഊർജ്ജിത നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ